2246
5118

**കേരള സർക്കാർ**

**സംഗ്രഹം**

സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**സാംസ്കാരിക കാര്യ (എ) വകുപ്പ്**

**സ.ഉ.(എം എസ്) നം. 22/2018/സാം.കാ.വ തീയതി, തിരുവനന്തപുരം, 15/05/2018**

പരാമർശം:- കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 10.08.2017, 10.10.2017 എന്നീ തിയതികളിലെ 2355/16/ഇ 2/14/കെ എസ് എഫ് ഡി സി നമ്പർ കത്തുകൾ

**ഉത്തരവ്**

കേരള സർക്കാരിന്റെയും മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളുടെയും ഡോക്യുമെന്ററി/പരസ്യചിത്രങ്ങൾ എന്നിവ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ ഗുണനിലവാരം ഉറപ്പാക്കി നിർമ്മിച്ച് നൽകി വരുന്നുണ്ട്. കോർപ്പറേഷന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ ഡോക്യുമെന്ററി വിഭാഗത്തിൽ പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ ഒരു തസ്തിക മാത്രമേ അനുവദിച്ചിട്ടുള്ളു. പ്രൊഡക്ഷൻ വിഭാഗത്തിലുള്ള ജോലികളുടെ മേൽനോട്ടത്തിനും ഇതിന്റെ വരുമാന വർദ്ധനവും ലക്ഷ്യമിട്ട് രണ്ട് പ്രൊഡക്ഷൻ അസിസ്റ്റന്റെ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ഒരു നിർദ്ദേശം കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് ശുപാർശ സഹിതം മാനേജിംഗ് ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. പുതുതായി സൃഷ്ടിക്കുന്ന തസ്തികകളുടെ സാമ്പത്തിക ബാധ്യത കോർപ്പറേഷൻ ഏറ്റെടുക്കുന്നതാണ് എന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സർക്കാരിന് സാമ്പത്തിക ബാധ്യത ഉണ്ടാവില്ല എന്ന വ്യവസ്ഥയിൽ കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 26500-56700 ശമ്പള സ്കെയിലിലുള്ള പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ സൃഷ്ടിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
റാണി ജോർജ്ജ്
സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ചലച്ചിത്ര കോർപ്പറേഷൻ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരള തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
പ്ലാനിംഗ് & ഇക്കോണോമിക്ക് അഫേയ്സ് (ബി പി ഇ) വകുപ്പ് (07.11.2017 ലെ PLGEA-BPE2/226/2017-PLGEA പ്രകാരം)
ധനകാര്യ വകുപ്പ് (പി.യു.സി2/208/2017-ധന പ്രകാരം)
GA(SC) വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ ഡിവിഷൻ, വിവര പൊതുജന സമ്പർക്ക വകുപ്പ് (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

354

**രഹസ്യം**

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

### തീയതി : 09-05-2018

ഫയൽ നം.180/എ3/2017/സാം.കാ.വ.

ഇനം നം: 2137

വിഷയം : സാംസ്കാരിക കാര്യ വകുപ്പ് - കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ 2 തസ്തികകൾ സൃഷ്ടിക്കുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

പോൾ ആന്റണി
ചീഫ് സെക്രട്ടറി

സെക്രട്ടറി, സാംസ്കാരിക കാര്യ വകുപ്പ്.

77 മേൽ വായിച്ച ഉത്തരവ് പ്രകാരം കരട് സ.ഉ അംഗീകാരത്തിനായി സമർപ്പിക്കുന്നു.

11/5/18

14/5

11/5/18

RAJI GEORGE IAS

**കേരള സർക്കാർ**
**(ശ്രീ പിണറായി വിജയൻ മന്ത്രിസഭ)**
**(മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്)**

| | | |
|---|---|---|
| 1) | ഫയൽ നമ്പർ | 180/എ 3/2017/സാം.കാ.വ. |
| 2) | വകുപ്പ് | സാംസ്കാരിക കാര്യ (എ) വകുപ്പ് |
| 3) | വിഷയം | കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ 2 തസ്തികകൾ സൃഷ്ടിക്കുന്നത്-സംബന്ധിച്ച് |
| 4) | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 12/04/18 |
| | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ, സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ | ഉണ്ട് |
| | (ii) ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 6) | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7) | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | ശ്രീമതി.ഗീത.കെ |
| 8) | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | ശ്രീമതി.റാണി ജോർജ്ജ് |
| 9) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | 27/04/18 |
| 10) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.പോൾ ആന്റണി |
| 11) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 30/04/2018 |
| 12) | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. എ.കെ.ബാലൻ |
| 13) | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 03/05/18 |
| 14) | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 07/05/18 |
| 15) | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16) | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ ഫീൽഡ് അസിസ്റ്റന്റിന്റെയും പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെയും രണ്ട് തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകണമെന്ന കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ ആവശ്യം പരിഗണിച്ച് പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2) KSFDC യിൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 9 അംഗീകൃത തസ്തികകൾനിലവിലുണ്ടായിരുന്നുവെന്നും ദീർഘകാലം പ്രസ്തുത തസ്തികകൾ ഒഴിഞ്ഞു കിടന്നതിനാൽ 22.06.2016 ലെ സ.ഉ (എം എസ്) നമ്പർ 16/2016/സാം കാ വ പ്രകാരം ടി തസ്തികകൾ സർക്കാർ റദ്ദ് ചെയ്തതായും മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. പുതിയ തീയേറ്ററുകളുടെ നിർമ്മാണവും നിലവിലുള്ള തീയേറ്ററുകളുടെ നവീകരണവുമായി ബന്ധപ്പെട്ട് ധാരാളം സിവിൽ ജോലികൾ നിർവ്വഹിക്കേണ്ടി വരുന്നതിനാലും ഇത്തരം ജോലികളുടെ മേൽനോട്ടം വഹിക്കാനും വിവിധ യൂണിറ്റുകളിലെ അറ്റകുറ്റപണികളുടെ ചുമതല നിർവ്വഹിക്കുവാനും സൈറ്റ് എഞ്ചിനീയർ ഗ്രേഡ്-1 തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥൻ മാത്രമേ നിലവിലുള്ളൂ എന്നും കഠിനമായ ജോലി സമ്മർദ്ദം സേവനത്തിന്റെ ഗുണമേന്മയെ ബാധിക്കുന്നുവെന്നും എം ഡി അറിയിച്ചിട്ടുണ്ട്. കൂടാതെ കോർപ്പറേഷന്റെ പ്രധാന വരുമാന മാർഗ്ഗങ്ങളിൽ ഒന്നായ ഡോക്യുമെന്ററി നിർമ്മാണത്തിനായി ഒരു പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ എന്നും ഇത്തരത്തിലുള്ള കൂടുതൽ വർക്കുകൾ ക്യാൻവാസ് ചെയ്ത് വരുമാനം വർദ്ധിപ്പിക്കുന്നതിന് രണ്ട് പ്രൊഡക്ഷൻ അസിസ്റ്റന്റ് തസ്തികകൾ സൃഷ്ടിക്കേണ്ടത് അത്യാവശ്യമാണെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. 14.07.2017 ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗം ഫീൽഡ് അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ പുന:സൃഷ്ടിക്കേണ്ടതാണെന്നും പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ രണ്ട് തസ്തിക സൃഷ്ടിക്കേണ്ടതാണെന്നും വിലയിരുത്തിയതായും ആയതിനാൽ ഫീൽഡ് അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ പുന:സൃഷ്ടിക്കണമെന്നും പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ രണ്ട് തസ്തികകൾ സൃഷ്ടിക്കണമെന്നും കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷൻ മാനേജിംഗ്
ഡയറക്ടർ അഭ്യർത്ഥിച്ചിരുന്നു.

3) ഫയൽ അഭിപ്രായത്തിനായി ധനകാര്യ വകുപ്പിലേയ്ക്ക് അയച്ചിരുന്നു. പ്രസ്തുത വകുപ്പിൽ നിന്നും ലഭ്യമായ അഭിപ്രായം താഴെ ചേർക്കുന്നു.

> "Administrative department is informed that as Govt is not giving non plan assistance to KSFDC to meet its salary expenditure and as the Directors Board and Administrative Department, at the level of Hon'ble Minister for Cultural Affairs requested to recreate the post of Production Assistants,Finance agrees to recreate two posts of Production Assistant in KSFDC.
>
> This has the approval of Hon'ble Minister for Finance."

4) ഈ വിഷയത്തിൽ സാമ്പത്തികവും ആസൂത്രണ വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രയപ്പെട്ടു:

"കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപറേഷനിൽ 2016 -ൽ റദ്ദാക്കിയ പ്രൊഡക്ഷൻ അസ്സിസ്റ്റന്റിന്റെ തസ്തികകൾ ഇപ്പോൾ ആവശ്യമുണ്ടോ എന്നത് പരിശോധിച്ചശേഷം കോർപറേഷന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്തു ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നു ഭരണവകുപ്പിനെ അറിയിക്കുന്നു."

5) സംസ്ഥാനത്തുടനീളം വ്യാപിച്ചു കിടക്കുന്ന സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ പരസ്യ/ഡോക്യുമെന്ററി/ഹ്രസ്വചിത്രങ്ങൾ നിർമ്മിച്ചു നൽകുന്നതിൽ പ്രധാന പങ്ക് കെ എസ് എഫ് ഡി സി വഹിക്കുന്നുണ്ടെന്നും 2016-17 സാമ്പത്തിക വർഷത്തിൽ 1 കോടി രൂപയുടെ ഡോക്യുമെന്ററി നിർമ്മാണം നടത്തിയിട്ടുണ്ടെന്നും എം ഡി അറിയിച്ചിട്ടുണ്ട്. ഇതിനായി നിലവിൽ ഒരു പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ സേവനം മാത്രമേ ലഭിക്കുന്നുള്ളൂ എന്നും 2 പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ സേവനം കൂടി ലഭ്യമായാൽ ഡോക്യുമെന്ററി വിഭാഗത്തിന് കൂടുതൽ വരുമാനം ഉണ്ടാക്കുവാൻ കഴിയുമെന്നും എം ഡി, കെ എസ് എഫ് ഡി സി അറിയിച്ചിട്ടുണ്ട്. പുതുതായി സൃഷ്ടിക്കുന്ന രണ്ട് പ്രൊഡക്ഷൻ അസിസ്റ്റന്റ് തസ്തിക മൂലമുണ്ടാകുന്ന സാമ്പത്തിക ബാധ്യത ഏറ്റെടുക്കുന്നതിനുള്ള സാമ്പത്തിക ശേഷി കോർപ്പറേഷനുണ്ടെന്നും മാനേജിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

6) ഈ വിഷയത്തിൽ ധനകാര്യ വകുപ്പിന്റെ അഭിപ്രായം വീണ്ടും ആരാഞ്ഞിരുന്നു. വകുപ്പിന്റെ അഭിപ്രായം താഴെ രേഖപ്പെടുത്തുന്നു.

> "KSFDC യിൽ ഫീൽഡ് അസിസ്റ്റന്റിന്റെയും പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെയും രണ്ട് തസ്തികകൾ സൃഷ്ടിക്കണമെന്ന വിഷയത്തിൽ ഈ വകുപ്പ് 21/10/2017 ൽ ഭരണ വകുപ്പിന്റെ CLAD-A3/180/2017-CLAD നം.ഫയലിൽ നൽകിയ റിമാർക്സ് നം.PU-C2/208/2017-Fin യിലേയ്ക്ക് ശ്രദ്ധ ക്ഷണിച്ചുകൊണ്ട് നിലവിലെ ശുപാർശ നിരസിച്ചതായി അറിയിക്കുന്നു.
>
> ഇതിന് ബഹു.ധനകാര്യ മന്ത്രിയുടെ അംഗീകാരമുണ്ട്."

7) ധനകാര്യ വകുപ്പിന്റെയും സാമ്പത്തികവും ആസൂത്രണ വകുപ്പിന്റെയും അഭിപ്രായങ്ങളിൽ പ്രൊഡക്ഷൻ അസിസ്റ്റന്റ് തസ്തിക പുന സൃഷ്ടിക്കുന്ന കാര്യമാണ് പരാമർശിക്കുന്നത്. എന്നാൽ 22.06.2016 ലെ സ.ഉ (എം എസ്) നമ്പർ 16/2016/സാം കാ വ പ്രകാരം KSFDC യിൽ പ്രൊഡക്ഷൻ അസിസ്റ്റന്റ് തസ്തിക റദ്ദാക്കിയിട്ടില്ല മറിച്ച് ഫീൽഡ് അസിസ്റ്റന്റ് തസ്തികയുടെ 9 അംഗീകൃത തസ്തികകളാണ് റദ്ദാക്കിയത്. ആയതിനാൽ പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ 2 തസ്തികകൾ സൃഷ്ടിക്കുകയാണ് വേണ്ടത്. ഇതിനുള്ള അനുമതി മാത്രം ധനകാര്യ വകുപ്പ് ഖണ്ഡിക 3 പ്രകാരം നൽകിയിട്ടുണ്ട്.

8) കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ 2 തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## തീരുമാനിക്കേണ്ട വിഷയം

കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷന്റെ 183 ാം-മത് ഡയറക്ടർ ബോർഡ് ശുപാർശ അംഗീകരിച്ച് കേരള സംസ്ഥാന ചലച്ചിത്ര വികസന കോർപ്പറേഷനിൽ 26500-56700 ശമ്പള സ്കെയിയിലിലുള്ള പ്രൊഡക്ഷൻ അസിസ്റ്റന്റിന്റെ 2 തസ്തികകൾ സൃഷ്ടിക്കുന്നതിന് അനുമതി നൽകാവുന്നതാണോ?